LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 25, വെള്ളി

നിയമസഭ 1999 ജൂൺ മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം 121, ശ്രീ. ആന്റണി രാജു..... ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി.

1 (*121) റവന്യു ഭരണം കാര്യക്ഷമമാക്കുവാൻ നടപടി

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ്ജ് :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യു ഭരണം കാര്യക്ഷമമാക്കുവാൻ പുതിയതായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള താലൂക്കുകളും വില്ലേജുകളും വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വില്ലേജ് ഓഫീസുകളേയും താലൂക്ക് ഓഫീസുകളേയും കമ്പ്യൂട്ടർ വഴി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി 1.7.1998 മുതൽ റവന്യൂ ബോർഡ് നിർത്തലാക്കുകയും, റവന്യൂ ബോർഡ് തലം മുതൽ വില്ലേജ് ഓഫീസ് തലം വരെ ഉൾപ്പെടുന്ന തരത്തിൽ വകുപ്പു പുനഃസംഘടന ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുനഃസംഘടനയുടെ ഭാഗമായി ജോലി ഭാരം കുറഞ്ഞ ഓഫീസുകൾ നിർത്തലാക്കുകയും വിവിധ തസ്തികകളിൽപ്പെട്ട 1812 ജീവനക്കാരെ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ്, ജില്ലാ കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ കസ്ബ വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസർ തസ്തിക ഹെഡ് ക്ലാർക്കിന്റേതാക്കി ഉയർത്തുകയും താലൂക്കാഫീസുകളിൽ അഡീഷണൽ തഹസീൽദാർമാരെ നിശ്ചയിക്കുകയും ഫർക്കാ റവന്യൂ ഇൻസ്പെക്ടർ തസ്തിക നിർത്തലാക്കി ജനോപകാരപ്രദമായ രീതിയിൽ പുനഃസംഘടന നടത്തുകയും ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ്, കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനാ വിഭാഗം രൂപീകരിച്ചതുമൂലം വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും കൃത്യമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനും ഫയലുകളിൽ കാലതാമസം ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. സംസ്ഥാനത്തെ രണ്ടു മേഖലകളായി തിരിച്ചുകൊണ്ട് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിജിലൻസ് ഓഫീസുകൾ രൂപീകരിച്ചിട്ടുണ്ട്. എല്ലാ റവന്യൂ ഓഫീസുകളിലും മിന്നൽ പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി)&(സി) സംസ്ഥാനത്തെ താലൂക്കുകളുടെ പുനഃസംഘടന നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തിൽ തീരുമാനമെടുക്കുമ്പോൾ ജനസംഖ്യ, വിസ്തീർണ്ണം, ഭൂമിശാസ്ത്രപരമായ പിന്നോക്കാവസ്ഥ എന്നിവ പരിഗണിക്കുന്നതാണ്.

(ഡി)&(ഇ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളും താലൂക്കാഫീസുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും കളക്ടറേറ്റുകളും ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസുമായും സെക്രട്ടേറിയറ്റുമായും ബന്ധപ്പെടുത്തുന്ന തരത്തിലുള്ള, കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ താലൂക്കാഫീസുകളും കളക്ടറേറ്റുകളും ഇതിനകം തന്നെ കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ആന്റണി രാജു : സർ, സാധാരണ ജനങ്ങളുടെ ആശാകേന്ദ്രമാണ് റവന്യൂ ഓഫീസുകൾ. നീറുന്ന പ്രശ്നങ്ങളുമായി ആ ഓഫീസുകളിലേയ്ക്ക് ഓടിയെത്തുന്ന ജനങ്ങളോടുള്ള റവന്യൂ ഉദ്യോഗസ്ഥന്മാരുടെ സമീപനവും അവർ സ്വീകരിക്കുന്ന നടപടികളിലൂടെയുമാണ് ഗവൺമെന്റിന്റെ പ്രതിച്ഛായ പ്രതിഫലിക്കുക. ഈ സംസ്ഥാനത്തെ ജനങ്ങൾ വളരെയേറെ പ്രതീക്ഷയോടുകൂടി കാത്തിരുന്ന ഒന്നാണ് നമ്മുടെ റവന്യൂ കാർഡ് വിതരണം. നമ്മുടെ സംസ്ഥാനത്ത് റവന്യൂ കാർഡിന്റെ വിതരണം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും; എന്തെല്ലാം വിവരങ്ങളാണ് റവന്യൂ കാർഡിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് ഒന്ന് വിശദീകരിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : റവന്യൂ കാർഡ് ആക്ട് നിലവിൽ വന്നുകഴിഞ്ഞു. അതിന്റെ ചട്ടങ്ങൾ രൂപീകരിച്ച് അതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. റവന്യൂ കാർഡിൽ കുടുംബനാഥന്റെ പേര്, കുടുംബാംഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

എണ്ണം, കുടുംബനാഥന് അവരുമായുള്ള ബന്ധം, അവരുടെ ജനനതീയതി, ജനനസ്ഥലം, ഓരോ അംഗങ്ങളെയും കുറിച്ചുള്ള വിശദാംശങ്ങൾ, വസ്തു, കെട്ടിടം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, അംഗങ്ങളുടെ തൊഴിൽ, ജാതി, മതം, ലഭിക്കുന്ന ധനസഹായങ്ങൾ, ബാദ്ധ്യതകൾ, കുടുംബവും കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ, എന്നിവയാണ് റവന്യൂ കാർഡിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. റവന്യൂ കാർഡിന്റെ പ്രവർത്തനം നിയമസഭ കഴിഞ്ഞാലുടനേതന്നെ ഒരു വലിയ ബഹുജന ക്യാംപെയിൻ സംഘടിപ്പിച്ച് 1999-ൽ തന്നെ പൂർത്തിയാക്കി 60 ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ എല്ലാ കുടുംബങ്ങൾക്കും നൽകണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. ആന്റണി രാജു</u> : നമ്മുടെ സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ വളരെക്കാലമായി നടന്നുവരികയാണ്. ഇതിന്റെ കാലതാമസംമൂലം പോക്കുവരവ് നടത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഏറെ ബുദ്ധിമുട്ടുകൾ ഇന്നാട്ടിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ റീ-സർവേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പറയാമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റീ-സർവേ ആരംഭിച്ചത് 1966-ലാണ്. അതിൽ 215.97 കോടി രൂപ ചെലവായിട്ടുണ്ട്. സംസ്ഥാനത്താകെ 1452 വില്ലേജുകളിൽ 790 വില്ലേജുകളിലാണ് റീ-സർവ്വേ പൂർത്തിയാക്കിയത്. ഇനിയും പകുതിയിലേറെ വില്ലേജുകളിൽ റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അതേക്കുറിച്ച് നാടൻ ശൈലിയിൽ പറഞ്ഞാൽ ആ പ്രവൃത്തി രാമേശ്വരത്തെ ക്ഷൗരം പോലെയാണ്. ഒരു ജില്ലയിലും അത് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ഇതേക്കുറിച്ച് ആക്ഷേപങ്ങൾ ധാരാളമായി ഉണ്ടെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ റീ-സർവേ നടപടികൾ നിർത്തിവച്ചു. ഇപ്പോൾ ഞങ്ങൾ ചെയ്യുന്നത് പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് കമ്പ്യൂട്ടർ സംവിധാനത്തോടുകൂടി റീ-സർവ്വേ കുറ്റമറ്റതാക്കി നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. അതിനുവേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഈ വരുന്ന ജൂലായ് മാസത്തിൽതന്നെ നടക്കാൻ പോകുകയാണ്. കാസർഗോഡ് മുതൽ മലബാർ ജില്ലകളിൽ പാലക്കാട് വരെയുള്ള ജില്ലകളിൽ ഒരു വർഷം കൊണ്ട് കുറ്റമറ്റതായ രീതിയിലുള്ള റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് അക്കാര്യത്തെക്കുറിച്ച് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അത് ജൂലായ് മാസം മുതൽ ആരംഭിക്കാൻ പോകുകയാണ്. ഒരു വർഷത്തിനുള്ളിൽ അതിനുവേണ്ട നടപടികൾ പൂർത്തിയാകും. കഴിയുന്നതും വേഗം ബാക്കി എല്ലാ ജില്ലകളിലും റീ-സർവ്വേ പ്രവർത്തനം പൂർത്തിയാക്കും. എട്ടുലക്ഷം പരാതികളാണ് വളരെ ചുരുങ്ങിയ അവസരം കൊണ്ട് നമുക്ക് കിട്ടിയത്. ആ എട്ടുലക്ഷം പരാതികളിൽ തീർപ്പുണ്ടാക്കുന്നതിനുള്ള ശ്രമങ്ങളിലാണ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : കമ്പ്യൂട്ടർവൽക്കരണം താലൂക്ക് ആസ്ഥാനങ്ങളിലും താലൂക്കാഫീസുകളിലും പൂർത്തിയായിക്കഴിഞ്ഞതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ നമ്മുടെ നിയമസഭയിൽ ചോദിക്കുന്ന ചോദ്യത്തിനുള്ള ഉത്തരം പോലും 12 ദിവസത്തിനകം കിട്ടിയിരിക്കണമെന്നുണ്ട്. എന്നിട്ടും അവയുടെ ഉത്തരം യഥാസമയം നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കഴിയുന്നില്ലായെന്നതാണ് വസ്തുത. റവന്യൂ റെക്കോഡുകളുടെ കാര്യം പറയുകയാണെങ്കിൽ റവന്യൂ റെക്കോഡുകൾ മാറ്റമില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

റെക്കോഡുകളാണ്. ആ നിലയ്ക്ക് വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ടു കൊണ്ട് വളരെവേഗം എത്രനാളുകൾക്കകം വില്ലേജ് ഓഫീസുകൾക്കൂടി കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്ന് ഗവൺമെന്റിന് പറയാൻ കഴിയുമോ; ജില്ലാ ആസ്ഥാനത്ത് ചെന്നാൽ ആ ജില്ലയിലെ മുഴുവൻ കാര്യങ്ങളും അറിയാൻ കഴിയുന്ന ഒരു സംവിധാനം ഒരു മിനിറ്റു കൊണ്ട് നടത്താൻ കഴിയുന്ന ആ സംവിധാനമെന്ന നിലയ്ക്ക് എന്നത്തേക്ക് നമ്മുടെ വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒന്ന് വെളിപ്പെടുത്തുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ദീർഘകാലമായി തുടർന്നുവരുന്ന ചില ശൈലികളിൽ നിന്ന് സമൂലമായ ഒരു മാറ്റം വരുത്തുന്നതിനാണ് റവന്യൂ വകുപ്പ് ഇപ്പോൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പത്തിരുപത് കൊല്ലക്കാലം പഴക്കംചെന്ന അഞ്ചുലക്ഷത്തോളം ഫയലുകൾ ഈ ഡിപ്പാർട്ട്മെന്റിൽ കെട്ടിക്കിടക്കുകയായിരുന്നു. അതിൽ നാലു ലക്ഷത്തോളം ഫയലുകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാകുന്ന രീതിയിൽ ഈ സംവിധാനത്തെ പ്രയോജനപ്പെടുത്താനാണ് ഇപ്പോൾ ജില്ലാ കളക്ടറേറ്റുകളും താലൂക്കാഫീസുകളും പൂർണ്ണമായിട്ട് കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞിട്ടുള്ളത്. ഈ വർഷം ഒരു നൂറ് വില്ലേജ് ഓഫീസുകളെങ്കിലും നമുക്ക് കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സംവിധാനത്തിന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം പൂർണ്ണമായും നമുക്ക് കിട്ടും. പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായമാണ് ഇക്കാര്യത്തിൽ കിട്ടുന്നത്. അങ്ങനെ നമുക്ക് വില്ലേജ് ഓഫീസ് തലം തൊട്ട് സെക്രട്ടേറിയറ്റുവരെ പരസ്പരം ബന്ധിപ്പിക്കുന്ന ഒരു ഇന്റർനെറ്റ് കമ്പ്യൂട്ടർ ശൃംഖലയാക്കി ഈ സംവിധാനത്തെ മാറ്റിയാൽ ഇന്നത്തെ പല ആക്ഷേപങ്ങളും പരിഹരിക്കാൻ സാധിക്കും. ജനങ്ങളുടെ പ്രശ്നങ്ങൾക്ക് സമയാസമയങ്ങളിൽ പരിഹാരമുണ്ടാക്കി കൊടുക്കാനും കഴിയും. അത് കഴിയുന്നതുംവേഗം പൂർത്തിയാക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി.സി. ജോർജ്ജ്</u> : നമ്മുടെ സംസ്ഥാനത്തെ താലൂക്കുകൾ സമയബന്ധിതമായി പുനഃസംഘടിപ്പിക്കുമെന്ന് ഇവിടെ പറയുകയുണ്ടായി. ഈരാറ്റുപേട്ട താലൂക്കിന്റെ കാര്യം അങ്ങേയ്ക്കറിയാം. 1964 മുതൽ ഇതു സംബന്ധിച്ച നിവേദനം ഗവൺമെന്റിന്റെ മുന്നിൽ കിടക്കുകയാണ്. എനിക്ക് പറയാനുള്ള മറ്റൊരുകാര്യം നമ്മുടെ സംസ്ഥാനത്തെ വില്ലേജുകളെയും പഞ്ചായത്തുകളെയും കുറിച്ചാണ്. ആയിരത്തോളം വില്ലേജുകളും ആയിരത്തോളം പഞ്ചായത്തുകളും ഇപ്പോൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമുക്ക് യഥാർത്ഥത്തിൽ ഒരു പഞ്ചായത്തിന്റെ അതിർത്തിയെത്തന്നെ വില്ലേജിന്റെ അതിർത്തിയാക്കുകയാണെങ്കിൽ ഭരണപരമായിട്ടുള്ള കാര്യങ്ങൾക്ക് വളരെയേറെ സൗകര്യം ലഭിക്കും. അത് ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകും എന്നതുകൊണ്ട് പഞ്ചായത്തിന്റെ അതിർത്തിയെ തന്നെ വില്ലേജിന്റെയും അതിർത്തിയാക്കുക എന്ന നയം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതനുസരിച്ച് വില്ലേജുകൾ കൂടി പുന:സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഇത്തരത്തിലുള്ള അഭിപ്രായങ്ങളൊക്കെ പലഭാഗത്തുനിന്നും ഉയർന്നുവരുന്നുണ്ട്. അതിന് ശക്തിപോരാ, ആ അഭിപ്രായങ്ങൾ ഇപ്പോൾ ദുർബലമാണ്. അതുകൊണ്ട് വ്യാപകമായ രീതിയിൽ അങ്ങനെയൊരഭിപ്രായം വരികയാണെങ്കിൽ ആ സമയത്ത് ഗൗരവമായി നമുക്ക് അത് പരിഗണിക്കാം. ഇവിടെ ജോർജ്ജ് മാത്രം അതേക്കുറിച്ച് പറഞ്ഞാൽ

LIBRARY ARCHIVES Kerala Legislative Assembly

പോരാ, എല്ലാ കേന്ദ്രങ്ങളിൽ നിന്നും അങ്ങനെയൊരു അഭിപ്രായം വരികയും അത് പൊതുവായ ഒരാവശ്യമാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ, സംസ്ഥാനത്തൊട്ടാകെ അത്തരമൊരു അഭിപ്രായം ഉയർന്നുവരികയാണെങ്കിൽ, അപ്പോൾ മാത്രമേ അതേക്കുറിച്ച് ചിന്തിക്കാൻ പറ്റുകയുള്ളൂ. ഇപ്പോൾ ഗവൺമെന്റിന് അതേക്കുറിച്ച് ചിന്തിക്കാൻ കഴിയുകയില്ല. 1452 വില്ലേജുകളാണ് നിലവിലുള്ളത്. കൂടുതൽ വില്ലേജുകൾ വേണമെന്ന ആവശ്യം ഇവിടെ ഉയർന്നുവരികയാണ്. എന്നാൽ ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതിയിൽ വരുമ്പോൾ നിലവിലുള്ള വില്ലേജുകളുടെ എണ്ണം കാര്യമായി കുറയും, അതുകൊണ്ട് അങ്ങനെ വില്ലേജുകളുടെ എണ്ണം കുറയുന്നതാണോ പ്രായോഗികമായി ജനങ്ങൾക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കുക, അതോ വില്ലേജുകൾ വിഭജിച്ച് കൂടുതൽ ആക്കുന്നതാണോ ജനങ്ങൾക്ക് കൂടുതൽ സൗകര്യമുണ്ടാക്കുക എന്നതിനെക്കുറിച്ചൊക്കെ വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതേക്കുറിച്ച് ചർച്ച ഇനിയും ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരന്തിമ തീരുമാനം എടുക്കാനോ അതേക്കുറിച്ച് പറയാനോ ഗവൺമെന്റിന് സാദ്ധ്യമല്ല എന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, നമ്മുടെ സംസ്ഥാനത്തെ റവന്യൂ ഓഫീസുകളിലെ അഴിമതി നിത്യസംഭവമാണ്. ഇത് പരിഹരിക്കുന്നതിന് നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള ആളുകൾ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും ഇപ്പോഴും ബന്ധപ്പെടുന്ന സാഹചര്യം വില്ലേജ് ഓഫീസുകളുമായി ബന്ധപ്പെട്ടിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകളിൽ തുടർന്നുവരുന്ന അഴിമതി അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഞാൻ ഇവിടെ വായിച്ച ഉത്തരത്തിൽ അതേക്കുറിച്ച് പറഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ടുമാത്രം അത് പൂർത്തിയാകുമെന്നുള്ള പ്രതീക്ഷയൊന്നും എനിക്കില്ല. അതിനായി രണ്ട് വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ആ സെല്ലുകളിൽ അവർക്ക് അവിടെ ആക്ഷേപങ്ങൾ കിട്ടുന്നതനുസരിച്ച് അത് പരിശോധിച്ച് ആവശ്യമായ നടപടികൾ ആ പരാതികളിന്മേൽ എടുക്കുന്നുണ്ട്. ഇപ്പോൾ എല്ലാ ജില്ലകളിലും ഇത് പരിശോധിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ പുനഃസംവിധാനത്തിന്റെ ഭാഗമായി ഓരോ താലൂക്കിലും അഡീഷണൽ തഹസീൽദാർമാരുണ്ട്. രണ്ട് ഡെപ്യൂട്ടി തഹസിൽദാർമാരുണ്ട്. അതുപോലെതന്നെ കൂടുതൽ സ്റ്റാഫിനെയും കൊടുത്തിട്ടുണ്ട്. അവർ കൂടി ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ മിന്നൽ പരിശോധനയ്ക്ക് ആവശ്യമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ വിവിധ രീതികളിൽ ഇത്തരം അഴിമതികൾക്ക് ഇരയാകുന്നവർക്ക് ആ അഴിമതി നടത്തിയവർക്കെതിരെ നടപടി എടുക്കാനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇനിയും കുറച്ചുകൂടി അത് കാര്യക്ഷമമാക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഒരു കാരണവശാലും അഴിമതിക്കാരുമായി ഒരു സന്ധിയില്ല. അവർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുന്ന സമീപനം സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. മോൻസ് ജോസഫ്</u> : റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ ശൃംഖല രൂപീകരിക്കുന്നതായി ഇവിടെ അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പരിപാ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ സജീവമായി നടത്താൻ കഴിയണമെങ്കിൽ അവിടത്തെ ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം കൊടുക്കേണ്ടത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുകൊണ്ട് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനമോ പദ്ധതിയോ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ലാൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം റവന്യൂ വകുപ്പിനുണ്ട്. അതിന്റെ കേന്ദ്രം തിരുവനന്തപുരത്ത് തന്നെയാണ്. പൂർണ്ണമായ രീതിയിൽ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടില്ലെങ്കിലും ഇപ്പോൾ അത് ജില്ലയിലെ, സ്റ്റേറ്റിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്ന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി വില്ലേജ് തലംമുതൽ കളക്ടറേറ്റ് വരെ ബന്ധപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥന്മാർക്കും കൃത്യമായി ക്ലാസുകൾ നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ ഞങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള ആളുകളെ ചുമതലപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ വരുന്ന ആഗസ്റ്റു മാസം മുതൽ അത് കൃത്യമായിട്ട് ആരംഭിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ വില്ലേജുകൾ ബൈഫർക്കേറ്റ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിലെ എടക്കര, മൂത്തേടം എന്നീ രണ്ട് പഞ്ചായത്തുകൾക്ക് ഒരു വില്ലേജാണ് നിലവിലുള്ളത്. അതുപോലെ കാളികാവ് പഞ്ചായത്ത്, വെള്ളയൂർ, ചോക്കോട് എന്നീ മൂന്ന് വില്ലേജുകൾക്ക് ഒരു പഞ്ചായത്താണ് ഇപ്പോഴുള്ളത്. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്നുള്ള നിർദ്ദേശം ഒരിക്കലും പ്രായോഗികമല്ല. ഓരോ പഞ്ചായത്തും ജനസംഖ്യയുമായി ബന്ധപ്പെടുത്തി വേണം ബൈഫർക്കേറ്റ് ചെയ്യേണ്ടത്. അങ്ങനെ വന്നാൽ എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലെ കാളികാവ് മൂന്ന് പഞ്ചായത്ത് ആക്കേണ്ടിവരും. ഇപ്പോൾ അതേക്കുറിച്ച് വളരെ ശാസ്ത്രീയമായി പഠിച്ചല്ലാതെ ഒരു പഞ്ചായത്ത് ഒരു വില്ലേജ് എന്നുള്ള തീരുമാനത്തിലേക്ക് ഗവൺമെന്റ് എത്തിച്ചേരരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ റീ-സർവ്വേയെ സംബന്ധിച്ച് പറഞ്ഞാൽ 1996-ൽ തുടങ്ങിയ റീ-സർവ്വേ അതാത് സമയത്ത് റീ-സർവ്വേ നടത്തുമ്പോൾതന്നെ ഓഫീസ് വർക്ക് നടത്താത്തതിന്റെ ഭാഗമായി അത് വളരെയധികം പ്രയോജനമില്ലാതെ കിടക്കുകയാണ്. അതുകൊണ്ട് റീ-സർവ്വേ നടത്തുമ്പോൾ സൈമൾട്ടേനിയസ്സായി ഓഫീസ് വർക്ക് കൂടി നടത്താനുള്ള ഏർപ്പാട് ചെയ്യാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, റീ-സർവ്വേയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. കേരളത്തിലെ ഏറ്റവും വലിയ പ്രശ്നവും അതാണ്. അതുകൊണ്ടാണ് ഞങ്ങൾ അത് പരിഹരിക്കാനായി തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ട് ഇനി ചെയ്യുന്ന റീ-സർവ്വേ ബന്ധപ്പെട്ട വസ്തു ഉടമസ്ഥന്മാരെയും സമീപ വസ്തുവിന്റെ ഉടമസ്ഥന്മാരെയും മുൻകൂട്ടി അറിയിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ റീ-സർവ്വേ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതേക്കുറിച്ച് ആക്ഷേപം എന്തെങ്കിലും ഉണ്ടെങ്കിൽ ആ ആക്ഷേപം പരിഹരിച്ച് അതോടൊപ്പം തന്നെ റെക്കോഡ് ചെയ്തുകൊണ്ടാണ് ഈ പ്രവർത്തനം മുന്നോട്ടു പോകുക. അതുകൊണ്ട് വസ്തു ഉടമസ്ഥന്മാർക്കോ, സമീപപ്രദേശങ്ങളിലെ ആളുകൾക്കോ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആ ആക്ഷേപം വരെ തീർത്തശേഷം അത് ഉടനേ തന്നെ റെക്കോഡ് ചെയ്യും. അങ്ങനെ ചെയ്യുന്ന ഒരു സംവിധാനമാണ് ഇനി റീ-സർവ്വേയിൽ ഗവൺമെന്റ് നടത്താനുദ്ദേശിക്കുന്നത്. അത്തരമൊരു സംവിധാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിലുള്ള റീ-സർവ്വേയാണ് ഇനി ആരംഭിക്കാൻ പോകുന്നത്. ഇവിടെ വില്ലേജുകളുടെ കാര്യത്തെക്കുറിച്ച് പറഞ്ഞു, വില്ലേജുകളുടെ കാര്യം പറയുകയാണെങ്കിൽ വില്ലേജുകൾ അശാസ്ത്രീയമായിട്ടാണ് പല സന്ദർഭങ്ങളിലും പുനഃസംഘടിപ്പിച്ചിട്ടുള്ളത്. അത് അതേപടി തന്നെ ഇപ്പോഴും തുടരുകയാണ്. അതുകൊണ്ട് അടിയന്തിരമായും വിഭജിക്കേണ്ടുന്ന വില്ലേജുകളുണ്ട് എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം വില്ലേജുകൾ അടിയന്തിരമായി വിഭജിക്കുന്നതാണ്.

<u>ശ്രീ. സി.പി. ബാലൻ വൈദ്യർ</u> : സർ, വില്ലേജ് ഓഫീസുകളിൽ നിന്നും താലൂക്ക് ഓഫീസുകളിൽ നിന്നും വിവിധ ആവശ്യങ്ങൾക്കുവേണ്ടി കൊടുക്കുന്ന സർട്ടിഫിക്കറ്റുകളുണ്ട്. ആ സർട്ടിഫിക്കറ്റുകൾക്കുവേണ്ടി അപേക്ഷിക്കുന്ന ആളിന് അല്ലെങ്കിൽ അപേക്ഷകന് ഒരു നിശ്ചിത സമയത്തിനകം ആ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് കർക്കശമായ ഒരു നിർദ്ദേശം കൊടുക്കാനും ആ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനുമുള്ള നടപടിയെടുക്കുകയും ചെയ്യണം, അതോടൊപ്പംതന്നെ ഇത്തരം സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് വേഗത്തിൽ കൊടുക്കുന്നതിനുവേണ്ടി വലിയ വിസ്തൃതിയുള്ള താലൂക്കുകളിൽ, ഉദാഹരണത്തിന് കോഴിക്കോട് താലൂക്ക് കേരളത്തിലെ ഏറ്റവും വലിയ താലൂക്കാണ്. അതുകൊണ്ട് കോഴിക്കോട് താലൂക്കുപോലുള്ള ഏറ്റവും വിസ്തൃതിയുള്ള അതുപോലെ ജനസംഖ്യ കൂടുതലുള്ള, പഞ്ചായത്തുകളുടെ എണ്ണം കൂടുതലുള്ള താലൂക്കുകളിൽ അടിയന്തിരമായും അവയെ വിഭജിക്കുന്നതിനുവേണ്ട നടപടികൂടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റവന്യൂ ഓഫീസുകളിൽ നിന്ന് വിശേഷിച്ചും വില്ലേജ് ഓഫീസുകളിൽ നിന്നും താലൂക്കാഫീസുകളിൽ നിന്നും മൊത്തം 24 ഇനം സർട്ടിഫിക്കറ്റുകളാണ് വിവിധയിനം ആവശ്യങ്ങൾക്കായി നൽകേണ്ടി വരുന്നത്. അങ്ങനെ വിവിധ ആവശ്യങ്ങൾക്കായുള്ള സർട്ടിഫിക്കറ്റുകൾക്കായി സാധാരണക്കാർ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ചെല്ലുമ്പോൾ ആ സർട്ടിഫിക്കറ്റുകൾ കിട്ടുന്നതിന് കാലതാമസമുണ്ടാകുന്നു, അതേത്തുടർന്ന് അഴിമതി ഉണ്ടാവുന്നു എന്നുള്ള വ്യാപകമായ ആക്ഷേപം വന്നതിനെത്തുടർന്നാണ് ഈ ഗവൺമെന്റ് പരമാവധി ഒരാഴ്ചക്കുള്ളിൽ തന്നെ ഏത് സർട്ടിഫിക്കറ്റിനുവേണ്ടി ആവശ്യപ്പെട്ടാലും ആ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകിയിരിക്കണമെന്നും സർട്ടിഫിക്കറ്റ് നൽകുന്നതിൽ പ്രായോഗികമായി ബുദ്ധിമുട്ടുള്ള പ്രശ്നമാണെങ്കിൽ ബന്ധപ്പെട്ട കക്ഷിയേയും തൊട്ടടുത്ത ഹയർ ഓഫീസറെയും ആ വിവരം അറിയിച്ചിരിക്കണമെന്നും കർശനമായ നിർദ്ദേശം കൊടുത്തിട്ടുള്ളത്. അത്തരത്തിലുള്ള നിർദ്ദേശം വളരെ മുമ്പുതന്നെ നൽകിയിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനു വേണ്ടി കൃത്യമായി അക്കാര്യം ശ്രദ്ധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ നടപടിയും ഗവൺമെന്റ് സ്വീകരിച്ചു വരുന്നുണ്ട്. താലൂക്ക് പുനഃസംവിധാനത്തിന്റെ കാര്യത്തിൽ ഇവിടെ ഞാൻ നേരത്തെ പറഞ്ഞ ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. വലിയ താലൂക്കാണെങ്കിൽ വലിയ താലൂക്കുകൾ ജനസംഖ്യാപരമായി അതുപോലെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഭൂമിശാസ്ത്രപരമായ കാര്യങ്ങളൊക്കെ കണക്കിലെടുത്തുകൊണ്ട് വലിയ താലൂക്കുകൾ വിഭജിക്കണമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. അക്കാര്യം ഞങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : അധികാര വികേന്ദ്രീകരണ പ്രക്രിയയുടെയും ഭരണനവീകരണത്തിന്റെയും ഭാഗമായി റവന്യൂ വകുപ്പിൽ എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ; ത്രിതലപഞ്ചായത്തുകൾക്ക് എന്തെല്ലാം അധികാരങ്ങളും ചുമതലകളുമാണ് റവന്യൂ വകുപ്പ് നൽകിയിട്ടുള്ളതെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇവിടെ മെമ്പർ ചോദിച്ചത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. റവന്യൂ വകുപ്പ് ഒരു അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റാണ്. സെൻ കമ്മിറ്റി റിപ്പോർട്ടിൽ തന്നെ പറയുന്നത് പോലീസും റവന്യൂവും വകുപ്പുകൾ ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കേണ്ടതല്ല, അവ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റാണ് എന്ന കാര്യം ആ റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്. എന്നാൽ അവ ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കാൻ കഴിയുന്നതല്ല, കൊടുക്കാൻ തീരുമാനിച്ചാൽ ഏത് വകുപ്പുവേണമെങ്കിലും ത്രിതല പഞ്ചായത്തുകൾക്ക് കൊടുക്കാം. ത്രിതല പഞ്ചായത്ത് സംവിധാനം വഴി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ദുരിതാശ്വാസ സഹായം, സാമ്പത്തികസഹായ നടപടികളെല്ലാം ഇന്ന് ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. വാർദ്ധക്യകാലപെൻഷൻ, വിധവാ പെൻഷൻ, അംഗവൈകല്യ പെൻഷൻ, അതുപോലെ വിധവകളുടെ മക്കളെ വിവാഹം കഴിപ്പിച്ചുകൊടുക്കുന്നതിനുള്ള സാമ്പത്തികസഹായം, കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിനുവേണ്ട നടപടികൾ, ഇതെല്ലാം വില്ലേജ് താലൂക്ക് ഓഫീസുകൾ മുഖേനയാണ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അക്കാര്യങ്ങൾ മുഴുവൻ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. അതും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലല്ല, എങ്കിലും ആ അധികാരം ത്രിതലപഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തോടുകൂടി സഹകരിപ്പിച്ചുകൊണ്ട് വേണം ഈ നടപടികൾ പൂർത്തിയാക്കാൻ എന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്രയേ ഇതിൽ ചെയ്യേണ്ടതിന്റെ ആവശ്യമുള്ളൂ. ചെയ്യാൻ പറഞ്ഞിട്ടുള്ള അക്കാര്യങ്ങളൊക്കെ അവർ നിർവ്വഹിച്ചുവരുന്നുണ്ട്.

ശ്രീ. ജോസ് ബേബി : റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി നമ്മുടെ സംസ്ഥാനത്തുടനീളം നടത്തിയ പ്രവർത്തനങ്ങളുടെ കാര്യം ഇവിടെ പ്രതിപാദിച്ചു. എന്നാൽ പാലക്കാട് ജില്ലയിലെ ഏറ്റവും വലിയ ഒരു വിഷയമായ പാലക്കാട് ജില്ലയിലെ ജനങ്ങളുടെയെല്ലാം ഇഷ്ടവും പട്ടാമ്പിയിലെ ജനങ്ങളുടെ ഇഷ്ടവുമായ വിഷയമാണ് പട്ടാമ്പി താലൂക്ക് ഉണ്ടാവുകയെന്നത്. അതിനുവേണ്ടി അവിടെയിപ്പോൾ ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഒരു സമരം അക്കാര്യത്തിനായി നടത്തുന്നതിനുവേണ്ട പരിശ്രമത്തിലാണ് അവിടത്തെ ആളുകൾ ഏർപ്പെട്ടിരിക്കുന്നത്. പട്ടാമ്പിയിലെ ജനങ്ങൾക്കെല്ലാം പട്ടാമ്പിയിൽ താലൂക്ക് രൂപീകൃതമാവുമോ എന്ന കാര്യത്തിൽ വളരെ ആശങ്കയുമുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത് പട്ടാമ്പി താലൂക്ക് ഉണ്ടാകുമോ; അതല്ലെങ്കിൽ അത് എന്നത്തേക്ക് പ്രഖ്യാപിക്കാൻ കഴിയും എന്നതിനെക്കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. അവിടെ ഒരു സമരം നടക്കുന്ന ഘട്ടത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കുവാൻ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : അക്കാര്യം ഞങ്ങൾ പരിശോധിച്ചു. അവിടത്തെ ജനങ്ങൾക്ക് അക്കാര്യത്തെക്കുറിച്ച് യാതൊരുവിധ ആശങ്കയുമില്ല. ജനങ്ങളുടെയിടയിൽ ആശങ്കയൊന്നും നിലവിലില്ല. പട്ടാമ്പി താലൂക്കിനു വേണ്ടി

1982 മുതൽ ഞാൻ പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. അവിടത്തെ സർവ്വ കക്ഷി പ്രതിനിധികളുടെ ചെയർമാൻ കൂടിയാണ് ഞാൻ. പട്ടാമ്പി താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം 82 മുതലുള്ളതാണ്. പട്ടാമ്പി താലൂക്ക് രൂപീകരണ കമ്മിറ്റിയുടെ ചെയർമാൻ ഞാനാണ്. അത് മന്ത്രിയായിട്ടും ഇപ്പോഴും ആ കമ്മിറ്റിയുടെ ചെയർമാൻ ഞാൻ തന്നെയാണ്. അതുകൊണ്ട് എനിക്ക് വ്യക്തമായി പറയാൻ കഴിയും. ഇക്കാര്യത്തെക്കുറിച്ച് അവിടത്തെ ജനങ്ങൾക്ക് ഒരു ആശങ്കയുമില്ല. ഞാൻ പട്ടാമ്പിയുടെ പ്രതിനിധിയാണ്. ഇപ്പോൾ ഈ താലൂക്ക് രൂപീകരണത്തിന്റെ ചുമതലപ്പെട്ട ഈ ഗവൺമെന്റിന്റെ പ്രതിനിധിയുമാണ്. അതുകൊണ്ട് പട്ടാമ്പി താലൂക്ക് ഉണ്ടാവുമോ എന്ന കാര്യത്തിൽ പട്ടാമ്പിക്കാർക്ക് യാതൊരുവിധ സംശയവുമില്ലെന്ന് എനിക്ക് വ്യക്തമായി പറയാൻ കഴിയും. ഇപ്പോൾ ആരോ മനസ്സുകൊണ്ട് മദ്ദളം കൊട്ടി പ്രശ്നങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവർ ആ വെള്ളം വാങ്ങി വയ്ക്കുകയേ വേണ്ടിവരികയുള്ളൂ എന്നാണ് എനിക്ക് പറയാനുള്ളത്. പട്ടാമ്പി താലൂക്ക് ഉണ്ടാകും, അതിന് യാതൊരു സംശയവുമില്ല. ഏതൊക്കെ താലൂക്കുകൾ എവിടെയൊക്കെ വേണമെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ആവശ്യമായ സമയത്ത് അക്കാര്യത്തിൽ ആവശ്യമായ തീരുമാനം ഗവൺമെന്റ് എടുക്കും.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, താലൂക്ക് ഓഫീസുകൾ മുഴുവൻ കമ്പ്യൂട്ടർവൽക്കരിച്ചുവെന്ന് ഇവിടെ പറഞ്ഞു. അതുപോലെതന്നെ റവന്യൂ വകുപ്പ് പുനഃസംഘടനയുടെ ഭാഗമായി താലൂക്കുകളിൽ അഡീഷണൽ, ഡപ്യൂട്ടി തഹസീൽദാർമാരുടെ തസ്തികകൾ പുതുതായിട്ട് ഉണ്ടാക്കി എന്നു പറഞ്ഞു. ഈ രണ്ട് നടപടികളിലൂടെ കഴിഞ്ഞ കാലത്തേക്കാൾ എന്തെങ്കിലും ആശ്വാസം ജനങ്ങൾക്ക് കൂടുതലായിട്ട് കിട്ടിയിട്ടുണ്ടോ; മുമ്പത്തേക്കാൾ കാലതാമസം ഉണ്ടാകുന്നുണ്ടോ? താലൂക്കാഫീസുകളിൽ ചെല്ലുന്ന ആളുകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കിട്ടുന്നതിനുള്ള കാലതാമസം കുറഞ്ഞിട്ടുണ്ടോയെന്നുള്ള കാര്യം പരിശോധിക്കാൻ തയാറാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, പഴയകാലത്തെപ്പോലുള്ള കാലതാമസം എന്തായാലും ഇപ്പോഴില്ല. അതൊക്കെ കുറെ കുറഞ്ഞിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകളിൽ കുറെ തീരുമാനമെടുക്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ സ്റ്റാഫിനെ കൊടുത്തു എന്നുള്ളത് അവിടെ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കുറെ സഹായകരമാണ്. എല്ലാ താലൂക്കിലും ഓരോ അഡീഷണൽ തഹസീൽദാർ, എല്ലാ താലൂക്കിലും ഈരണ്ട് അഡീഷണൽ ഡെപ്യൂട്ടി തഹസീൽദാർമാർ, ക്ലാർക്കുമാർ, പ്യൂൺ എല്ലാം കൊടുത്തിട്ടുണ്ട്. റവന്യൂ ഇൻസ്പെക്ടർ എന്ന തസ്തികതന്നെ നിർത്തൽ ചെയ്യുകയും ആ ഓഫീസുകൾ നിർത്തൽ ചെയ്യുകയും ചെയ്തു. 249 ഓഫീസുകൾ നമ്മൾ നിർത്തൽ ചെയ്തു. ആ സ്റ്റാഫിനെ മുഴുവൻ താലൂക്ക് ജില്ലാ ഓഫീസിലേയ്ക്കാണ് പുനർവിന്യാസം ചെയ്തിട്ടുള്ളത്. അതുകൊണ്ട് പ്രവർത്തനത്തിന് കുറച്ചു കൂടി സൗകര്യങ്ങൾ ഉണ്ടായിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് ഉള്ള സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോഴും അവശേഷിക്കുന്ന ഒരു അസുഖം അഴിമതി തന്നെയാണ്. അതും പാടെ ഇല്ലായ്മ ചെയ്യാൻ ഏതെല്ലാം രീതിയിൽ സാധിക്കുമോ അതിന് ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒറ്റദിവസം കൊണ്ടൊന്നും സാധിക്കുന്നതല്ലല്ലോ ഇത്. പരമാവധി ജനങ്ങൾക്ക് ആശ്വാസം നൽകാനാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, റാന്നി നിയോജകമണ്ഡലത്തിൽ 80 കിലോമീറ്റർ ദൂരമുള്ള ഒരു വില്ലേജുണ്ട്, ചിറ്റാർ - സീതത്തോട് വില്ലേജ്. എന്റെ താലൂക്ക് ആസ്ഥാനത്തുനിന്ന്, താലൂക്കിന്റെ കിഴക്കേ അറ്റത്ത് ഏതാണ്ട് 130 കിലോമീറ്റർ ദൂരമുണ്ട്. ശബരിമല ഉൾപ്പെടെയുള്ള സ്ഥലങ്ങൾ സ്ഥിതി ചെയ്യുന്ന ഇവിടെ സീസണായിക്കഴിയുമ്പോൾ പുറത്തുനിന്നും ആർ.ഡി.ഒമാരെ ഉൾപ്പെടെ കൊണ്ടുവരേണ്ട സ്ഥിതിയാണ്. അതുകൊണ്ട് ഞങ്ങളുടെ 80 കിലോമീറ്റർ വിഭജിച്ച് ഒരു പുതിയ വില്ലേജ് ഉണ്ടാക്കാനും അതുപോലെതന്നെ ഈ റാന്നി താലൂക്ക് കേന്ദ്രീകരിച്ച് ഒരു പുതിയ റവന്യൂ ഡിവിഷൻ ആരംഭിക്കാനും നടപടിയെടുക്കണം. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അങ്ങ് പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഞാനിത് നേരത്തേ പറഞ്ഞതാണ്, ഈ കാര്യങ്ങളിൽ അന്തിമമായ തീരുമാനം എടുത്തിട്ടില്ല. ഈ ഗവൺമെന്റിന്റെ നയം തന്നെ പ്രായോഗികമായ സൗകര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ചില താലൂക്ക് പുനർവിഭജനം ആവശ്യമാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഞങ്ങളത് പരിശോധിച്ചുവരികയാണ്. തീർച്ചയായും നമ്മുടെ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന മേഖലകൾ ഏതൊക്കെയാണോ അത് പൂർണ്ണമായിട്ടും ഉൾപ്പെടും. അതുകൊണ്ട് ഓരോന്നും ഞാൻ പ്രത്യേകമായി പറയുന്നില്ല. ആ സമയത്ത് തീർച്ചയായും ഞങ്ങളത് പരിശോധിക്കുന്നതാണ്.

ശ്രീ. എം. മുരളി : സർ, അങ്ങ് റവന്യൂ ഡിപ്പാർട്ട്മെന്റ് കാര്യക്ഷമമാക്കാനുള്ള നടപടികളാണ് ഇവിടെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ ചരിത്രത്തിലൊരിക്കലും നടക്കാത്ത, അടുത്ത കാലത്തൊന്നും നടക്കാത്ത പ്രളയക്കെടുതികൾക്ക് ഇരയായ ആലപ്പുഴ ഉൾപ്പെടെയുള്ള ജില്ലകളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യറേഷൻ പ്രഖ്യാപിക്കുമെന്ന് അങ്ങ് ഈ നിയമസഭ ആരംഭിച്ച ദിവസം അതായത് തിങ്കളാഴ്ച പറഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലകളിലൊന്ന്. വളരെ വേദനയോടുകൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ, ഏറ്റവും കൂടുതൽ പ്രളയക്കെടുതികളുണ്ടായ മാവേലിക്കര താലൂക്കിൽ ദാരിദ്ര്യരേഖയ്ക്ക് താഴെവരുന്ന 29,000 കുടുംബങ്ങളാണുള്ളത്. അങ്ങയുടെ തിങ്കളാഴ്ചത്തെ പ്രഖ്യാപനം കാറ്റിൽ പറത്തിക്കൊണ്ട്, 29,000 ത്തോളം വരുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ 9,000 പേർക്കുമാത്രമാണ് ഇപ്പോൾ സൗജന്യറേഷൻ കൊടുക്കാനായി ലിസ്റ്റ് തയ്യാറാക്കുന്നത്. അങ്ങ് അടിയന്തിരമായി ഇടപെട്ട് റവന്യൂ വകുപ്പിന്റെ ഈ വീഴ്ച തിരുത്താൻ, അങ്ങയുടെ പ്രഖ്യാപനം കാറ്റിൽ പറത്തിയ നടപടി തിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ.കെ.ഇ. ഇസ്മയിൽ : സർ, ഓരോ താലൂക്കിലും എത്ര കുടുംബങ്ങൾക്ക് സൗജന്യറേഷൻ കൊടുക്കണമെന്ന തീരുമാനം ഇവിടെനിന്നും എടുത്തിട്ടില്ല. കാലവർഷക്കെടുതിക്കിരയാകുകയും ഇപ്പോഴും തൊഴിലിന് പോകാൻ കഴിയാതെയിരിക്കുകയും ചെയ്യുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്കെല്ലാം സൗജന്യറേഷൻ കൊടുക്കണമെന്ന പൊതുതീരുമാനമാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അത് റവന്യൂ സെക്രട്ടറിയും ബന്ധപ്പെട്ട കളക്ടറുമായി ബന്ധപ്പെട്ട് അതാത് മേഖലകളിൽ നിന്നും അതിൽ ഉൾപ്പെടേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി ഉടനെ തന്നെ കൊടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏതെങ്കിലും പ്രദേശങ്ങൾ ബോധപൂർവ്വം വിട്ടുകളയുകയോ വിട്ടുകളയാൻ ശ്രമിക്കുകയോ ചെയ്യുന്നുവെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ അത് ശ്രദ്ധ

യിൽപ്പെടുത്തിയാൽ അത് പരിശോധിക്കുന്നതാണ്. അവരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ യാതൊരു വിരോധവും ഈ ഗവൺമെന്റിനില്ല.

ശ്രീ. ജി. സുധാകരൻ : സർ, പട്ടാമ്പി, കായംകുളം തുടങ്ങിയവ അടക്കമുള്ള പുതിയ താലൂക്കുകളുടെ രൂപീകരണവും സംബന്ധിച്ച തീരുമാനവും തളിപ്പറമ്പ്, തലശ്ശേരി, കോഴിക്കോട് അടക്കമുള്ള പുനർനിർണ്ണയിക്കപ്പെടേണ്ട താലൂക്കുകളുടെ തീരുമാനവും പൊതുവെ പുനസംഘടന നടത്തുമെന്ന് അങ്ങിവിടെ ഉറപ്പിച്ച് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ, ഇനി ഗവൺമെന്റിന് രണ്ടുവർഷമേയുള്ളൂ, ഈ വർഷം തന്നെ ഇതുസംബന്ധിച്ച് തീരുമാനമെടുക്കാനുള്ള ഉദ്ദേശമുണ്ടോ? അക്കാര്യം വ്യക്തമാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഞാനിവിടെ അത് പരിശോധിച്ചു. 25 കൊല്ലക്കാലങ്ങൾക്കിടയിൽ നിരവധി പെറ്റീഷനുകൾ വിവിധ ഗവൺമെന്റിന്റെ കാലങ്ങളിൽ കിട്ടിയിട്ടുണ്ട്. താലൂക്ക് രൂപീകരണ ആവശ്യവുമായി ബന്ധപ്പെട്ട ഏറ്റവും കൂടുതൽ നിവേദനങ്ങളും പെറ്റീഷനുകളും കിട്ടിയതിൽ ഒന്ന് കായംകുളമാണ്. പട്ടാമ്പിയും കായംകുളവുമാണ് അതിൽ ഏറ്റവും കൂടുതലുള്ളത്. അതുകൊണ്ട് ആ ലിസ്റ്റിൽ പെടുന്നതാണത്. അത് ഏതൊക്കെ വേണമെന്നത് നമ്മൾ..... ബഹളം .....ഞാൻ ഒരു വസ്തുതയാണ് പറഞ്ഞത്. 25 കൊല്ലക്കാലങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ മെമ്മോറാണ്ടങ്ങളും പരാതികളും ഗവൺമെന്റിന് കിട്ടിയിട്ടുള്ളതിൽ, അത് ബഹുമാനപ്പെട്ട ജി. കാർത്തികേയൻ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലും കിട്ടിയിട്ടുണ്ട്. ഇ.എം.എസ് ഗവൺമെന്റിന്റെ കാലം മുതൽ ഈ ഗവൺമെന്റിന്റെ കാലം വരെ കിട്ടിയതിൽ ഏറ്റവും കൂടുതൽ കിട്ടിയത് പട്ടാമ്പിയും കായംകുളവും സംബന്ധിച്ചാണെന്നാണ് ഞാൻ പറഞ്ഞത്. അതിൽ കുറച്ചുകിട്ടിയ എല്ലാ ലിസ്റ്റും ഞാനിപ്പോൾ വായിക്കുന്നില്ല.

2 (*122) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ പി.ജെ. ഫ്രാൻസിസ് :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ വ്യവസായങ്ങളുടെ സഞ്ചിത നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വൈദ്യുതി നിരക്കുകളിൽ 1999 ഫെബ്രുവരി മുതലും, മേയ് 15 മുതലും വരുത്തിയ വർദ്ധനമൂലം ഈ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവിൽ ഉണ്ടാകാവുന്ന ഭീമമായ വർദ്ധനവിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) വൈദ്യുതി നിരക്ക് വർദ്ധനമൂലം പൊതുമേഖലാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഏതെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly